/

# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

05.06.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 609

### വ്യവസായ സൗഹൃദ സംസ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. സ്വരാജ്. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി നിലവിലുണ്ടായിരുന്ന നിയമങ്ങളും ചട്ടങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭേദഗതി ചെയ്തിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ ഒരു വ്യാവസായിക അനുകൂല പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതും അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് പഠനം തെളിയിക്കുകയുണ്ടായി. ആയതിനാൽ താഴെപ്പറയുന്ന ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 2018 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നു.<br>1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994<br>2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994<br>3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013<br>4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002 |
| (ബി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | | |

5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978

6. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960

7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.

വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിലെ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ നിലവിലുള്ള താഴെ പറയുന്ന 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്:

1. ദി കേരള പഞ്ചായത്ത് രാജ് (ഇഷ്യൂ ഓഫ് ലൈസൻസ് ടു ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ട്രേഡ്സ് ആന്റ് ഫാക്ടറീസ്) റൂൾസ് 1996.

2. ദി കേരള പഞ്ചായത്ത് രാജ് (പ്രൊഫഷൻ ടാക്സ്) റൂൾസ് 1996.

3. ദി കേരള മുനിസിപ്പാലിറ്റി (രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആന്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റൂൾസ് 1997.

4. ദി കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2011.

5. ദി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999.

6. ദി കേരള ഫാക്ടറീസ് റൂൾസ് 1957.

7. ദി കേരള ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1983.

8. ദി കേരള കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) റൂൾസ് 1974.

| | | | |
|---|---|---|---|
| | | | 9. ദി ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1998.<br>10. ദി കേരള മോട്ടോർ വർക്കേഴ്സ് റൂൾസ് 1962.<br><br>വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയ ബന്ധിതമായ അനുമതി നല്കുന്നതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, self certification, deemed approval എന്നിവയുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടപ്പാക്കുവാൻ വേണ്ടി വിവിധ വകുപ്പുകളുടെ അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകല്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്തു നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് G.O (Ms) No. 100/17/ID Dated. 12.10.2017 പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാന തലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുകയും ചെയ്തു.<br><br>വ്യവസായങ്ങൾ തുടങ്ങാൻ അനുമതികൾ നൽകേണ്ടതായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സെൽ. |

| | | | |
|---|---|---|---|
| (സി) | ഇതിലൂടെ എന്ത് മാറ്റമാണ് ഈ മേഖലയിൽ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ? | (സി) | മേൽപ്പറഞ്ഞ പ്രകാരം നടപടിക്രമങ്ങൾ സരളമാക്കിക്കൊണ്ട് അതിവേഗം അനുമതികൾ ലഭ്യമാക്കുക വഴി സംസ്ഥാനത്ത് ഒരു നവ വ്യവസായ കേരളം സൃഷ്ടിക്കുവാനും നിക്ഷേപങ്ങളും തൊഴിലവസരങ്ങളും സംസ്ഥാനത്ത് വർദ്ധിക്കുമെന്നും വിഭാവനം ചെയ്യുന്നു.<br>സൂക്ഷ്മ – ചെറുകിട -ഇടത്തരം സംരംഭങ്ങൾ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ തൊഴില ന്വേഷകരെ തൊഴിൽദാതാക്കളായി മാറ്റാൻ കഴിയുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നു. |

Bindu. T.

**സെക്ഷൻ ഓഫീസർ**